"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കാംകോ സ്വന്തമായി നിർമ്മിക്കുന്ന കാർഷിക യന്ത്രങ്ങളും/ ഉപകരണങ്ങളും കൃഷി വകുപ്പിനായി നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഐഎഫ്എ) വകുപ്പ്**

സ.ഉ.(സാധാ) നം.849/2023/AGRI തീയതി, തിരുവനന്തപുരം, 24-08-2023

പരാമർശം:- 1. 25.05.2017-ലെ സ.ഉ (സാധാ)നം.30/2017/എസ്.പി.ഡി.

2. 06.07.2017-ലെ സ.ഉ (സാധ)നം.39/2017/എസ്.പി.ഡി.
3. 20.10.2018-ലെ സ.ഉ (സാധാ)നം.1047/2018/കൃഷി.
4. 16.02.2022-ലെ സ.ഉ(സാധാ) നം.121/2022/കൃഷി.
5. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ) മാനേജിങ് ഡയറക്ടറുടെ 07.03.2023-ലെ കാംകോ/എം.ഡി/ജി.ഡി. നമ്പർ കത്ത്.
6. കാർഷിക വികസന കർഷകക്ഷേമ വകുപ്പു ഡയറക്ടറുടെ 03.06.2023-ലെ ADFW/6301/2023-TG3 നമ്പർ കത്ത്.

**ഉത്തരവ്**

അഗ്രോ സർവ്വീസ് സെന്ററുകൾക്കാവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ റെയ്ഡ്കോ, കാംകോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാമ്പലിലെ ഖണ്ഡിക 9.23 ഇളവ് ചെയ്ത് ഒരു വർഷത്തേയ്ക്ക് അനുമതി നൽകി പരാമർശം (1) പ്രകാരവും, പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ കെയ്കോയെ കൂടി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകളുടെ കാലാവധി പരാമർശം (3), (4) പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷം വരെ ദീർഘിപ്പിച്ചു കൊണ്ടും ഉത്തരവായിരുന്നു. പരാമർശം (4) ഉത്തരവിന്റെ കാലാവധി 15.02.2023-ന് അവസാനിച്ചതിനാൽ, 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ) മാനേജിംഗ് ഡയറക്ടർ പരാമർശം (5) പ്രകാരം അപേക്ഷിച്ചിരുന്നു.

2. കൃഷി വകുപ്പിന്റെ പദ്ധതികൾക്കായി കാർഷിക യന്ത്രോപകരണങ്ങൾ കാംകോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിനായി പരാമർശം (4) സർക്കാർ ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ് എന്ന് പരാമർശം (3) പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാംകോ സ്വന്തമായി നിർമ്മിക്കുന്ന കാർഷിക യന്ത്രങ്ങളും/ഉപകരണങ്ങളും കൃഷി വകുപ്പിനായി നേരിട്ട് വാങ്ങുന്നതിന്, സ്റ്റോർസ് പർച്ചേസ് മാമ്പൽ ഖണ്ഡിക 9.23-ലെ വ്യവസ്ഥകൾക്ക് ഇളവനുവദിച്ച്, ഗുണമേന്മയുള്ള കാർഷിക യന്ത്രോപകരണങ്ങൾ തന്നെ വാങ്ങണമെന്ന

നിർദ്ദേശത്തോടെ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഇളവിലൂടെ വാങ്ങുന്ന യന്ത്രസാമഗ്രികളുടെ വില വിപണി വിലയുമായി താരതമ്യം ചെയ്ത് താരതമ്യേന വില കുറവുള്ളതാണെന്ന് പർച്ചേസിംഗ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.
- കാംകോ സ്വന്തമായി നിർമ്മിക്കാത്ത കാർഷിക യന്ത്രങ്ങളും സാമഗ്രികളും വാങ്ങുമ്പോൾ സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ (കാംകോ), അത്താണി, എറണാകുളം.
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ആഡിറ്റ്) /(എ&ഇ), തിരുവനന്തപുരം.
സ്റ്റോർ പർച്ചേസ് വകുപ്പ് [UO(R)No.SPD-A1/25/2023-SPD തീയതി:29.07.2023 പ്രകാരം].
വിവര പൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കൃഷി (പി.യു) വകുപ്പ്.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

പകർപ്പ്.-കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോത്പാദന കമ്മീഷണറുടെ പി.എ-യ്ക്ക്.
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 24-08-2023 13:38:57

സെക്ഷൻ ഓഫീസർ